പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 719

29/10/2019 - ൽ മറുപടിക്ക്

**റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ മൂന്നു സഹകരണ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശിക അടച്ച നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ മൂന്നു സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാ - സംസ്ഥാന സഹകണ ബാങ്കുകളിൽ ഉണ്ടായിരുന്ന വായ്പ കുടിശ്ശികയായ 306.75 കോടി രൂപ സർക്കാർ അടയ്ക്കുകയുണ്ടായോ; | എ) | കേരളാ കോ-ഓപ്പറേറ്റീവ് ബാങ്ക് (കേരളാ ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരളാ സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി 31/12/18-ലെ സ.ഉ(സാധാ) നം.728/2018/സഹ നമ്പർ ഉത്തരവ് പ്രകാരം റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് കേരളാ സംസ്ഥാന സഹകരണ ബാങ്കിലെ കുടിശിക വായ്പ തീർപ്പാക്കുന്നതിലേക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 306.75 കോടി രൂപ (മാർക്കറ്റ്ഫെഡ്-27.01 കോടി രൂപ, റബ്ബർമാർക്ക്-41.39 കോടി രൂപ, റബ്കോ-238.35 കോടി രൂപ) കേരളാ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കുമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കേരളാ സംസ്ഥാന സഹകരണ ബാങ്കിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് അനുവദിച്ചിട്ടുള്ളത്.<br><br>1. മേൽ സ്ഥാപനങ്ങൾക്ക് നൽകുന്ന OTS തുക സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ട വായ്പയായിരിക്കും.<br>2. തിരിച്ചടവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മേൽ സഹകരണ സ്ഥാപനങ്ങൾ സർക്കാരിലേക്ക് തുക തിരിച്ചടയ്ക്കേണ്ടതാണ്.<br>3. പ്രസ്തുത സ്ഥാപനങ്ങൾ സർക്കാരിലേക്ക് ആസ്തി ഈട് വയ്ക്കേണ്ടതാണ്.<br>4. പ്രസ്തുത സ്ഥാപനങ്ങളും, സർക്കാരും, സഹകരണ സംഘം രജിസ്ട്രാറുമായി വായ്പാ തിരിച്ചടവ്, ഈട് വയ്ക്കൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെട്ട ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കേണ്ടതാണ്.<br>5. സർക്കാർ നിർദ്ദേശപ്രകാരമുണ്ടായിട്ടുള്ള മുൻകാല പ്രവർത്തനങ്ങളിന്മേൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാരിൽനിന്നും ലഭിക്കാനുണ്ടായിരുന്ന തുകകൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല. |

| | | | |
|---|---|---|---|
| ബി) | ഈ മൂന്നു സ്ഥാപനങ്ങളുടെയും ആസ്തികൾ സർക്കാരിന് പണയപ്പെടുത്തിക്കൊ-ണ്ടാണോ കുടിശ്ശിക തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) | റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും ആസ്തികൾ സർക്കാരിലേക്ക് പണയപ്പെടുത്താമെന്നുള്ള വ്യവസ്ഥക്ക് വിധേയമായിട്ടാണ് മേൽ സ്ഥാപനങ്ങൾക്ക് കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള കുടിശിക വായ്പ്പ തീർപ്പാക്കുന്നതിന് സർക്കാർ വായ്പ്പ അനുവദിച്ചിട്ടുള്ളത്. ആയത് പ്രകാരം വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് റബ്കോ, റബ്ബർമാർക്ക് എന്നീ സ്ഥാപനങ്ങളുമായി സഹകരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ എല്ലാ ആസ്തികളും സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ ഇൻഷ്വർ ചെയ്യേണ്ടതാണെന്നും, സർക്കാരിന്റെ അനുമതി കൂടാതെ പ്രസ്തുത സ്ഥാപനങ്ങളുടെ യാതൊരു ആസ്തിയും വിൽപ്പന നടത്താനോ, പാട്ടത്തിന് നൽകാനോ വാടകയ്ക്ക് നൽകാനോ പാടില്ലെന്നും സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ കുടിശിക വരുത്തിയാൽ റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത സ്ഥാപനങ്ങൾ പണയപ്പെടുത്തിയ വസ്തുക്കളിൽ നിന്നും സ്ഥാപനത്തിന്റെ മറ്റ് സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും തുക ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| സി) | റബ്കോയ്ക്കു വേണ്ടി എത്ര തുകയാണ് അടച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | സി) | റബ്കോയ്ക്കു വേണ്ടി 238.35 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| ഡി) | പ്രസ്തുത തുകയ്ക്ക് തുല്യമായ ആസ്തി റബ്കോയ്ക്കുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | റബ്കോയ്ക്ക് സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും ഉണ്ടായിരുന്ന വായ്പയ്ക്ക് ഈട് നൽകിയിരുന്ന വസ്തുവകകളാണ്, റബ്കോയ്ക്ക് സർക്കാർ അനുവദിച്ച 238.35 കോടി രൂപയ്ക്കും ഈടായി നൽകുന്നത്. വായ്പാ തുക തിരികെ അടക്കുന്നതിനോ അതിന്റെ പലിശയോ പിഴപ്പലിശയോ തിരികെ അടയ്ക്കുന്നതിനോ റബ്കോ വീഴ്ച വരുത്തുകയോ, ധനസഹായം അനുവദിച്ചിട്ടുള്ള നിബന്ധനകളിലും, വ്യവസ്ഥകളിലും ലംഘനം നടത്തുകയോ ചെയ്താൽ റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാപനം പണയപ്പെടുത്തിയ വസ്തുക്കളിൽ നിന്നും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും തുക ഈടാക്കുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ